**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1474** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ നിരക്ക് വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനായുള്ള നിരക്ക് സർക്കാർ അവസാനമായി പുതുക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | 2016 സെപ്റ്റംബറിലാണ് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനായുള്ള നിരക്ക് അവസാനമായി പുതുക്കിയത്. |
| (ബി) | ഉച്ചഭക്ഷണനിരക്ക് വർദ്ധനയുമായി ബന്ധപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉപസമിതിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഉപസമിതി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ഉപസമിതിയെ നിയമിച്ചിട്ടില്ല. |
| (സി) | ഉച്ചഭക്ഷണത്തിന് ഇപ്പോൾ നൽകി വരുന്ന തുക അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുക വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള കുടിശിക നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് നിലവിൽ അനുവദിക്കുന്ന തുക പരിഷ്കരിക്കണമെന്ന് അദ്ധ്യാപക സംഘടനകളും നിരവധി സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികളും ആവശ്യപ്പെട്ടിട്ടുണ്ട്. വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക പരിഷ്കരിക്കുവാനും അതോടൊപ്പം പാൽ, മുട്ട,/ നേന്ത്രപഴം നൽകുന്ന സപ്ലിമെന്ററി ന്യൂട്രിഷൻ പരിപാടിക്ക് പ്രത്യേക ഫണ്ട് അനുവദിക്കുവാനും ശിപാർശ ചെയ്തുകൊണ്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>സ്കൂളുകൾക്ക് നവംബർ, ഡിസംബർ മാസങ്ങളിലെ കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനും മറ്റുമായി കേന്ദ്ര - സംസ്ഥാന വിഹിതമുൾപ്പെടെ 91.51405 കോടി രൂപ 09.01.2024 ൽ സർക്കാർ അനുവദിച്ചിട്ടുണ്ട്. ജനുവരി 31-നകം സ്കൂളുകൾക്ക് കുടിശ്ശിക തുക പൂർണ്ണമായും വിതരണം ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | സമഗ്ര ശിക്ഷാ കേരള ലിസ്റ്റിൽ ഉൾപ്പെടാത്തതും കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്തതുമായ സർക്കാർ എയ്ഡഡ് സ്കൂളുകളുടെ ഭാഗമായി പ്രവർത്തിക്കുന്ന എല്ലാ പ്രീ പ്രൈമറി സ്കൂൾ കുട്ടികൾക്കും കൂടി ഉച്ചഭക്ഷണം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി വിശദീകരിക്കാമോ? | (ഡി) | സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന അംഗീകൃത പ്രീ-പ്രൈമറികളാണ് സമഗ്ര ശിക്ഷയുടെ ലിസ്റ്റിൽ ഉൾപ്പെടുന്നത്. എന്നാൽ ഇവയ്ക്ക് പുറമേ 2011-12 അദ്ധ്യയന വർഷം വരെ ഉച്ചഭക്ഷണം നൽകി വന്നിരുന്ന എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറികളേയും പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടങ്ങളിലെ കുട്ടികൾക്ക് കൂടി ഉച്ചഭക്ഷണം നൽകി വരുന്നുണ്ട്. സർക്കാർ, എയ്ഡഡ് മേഖലകളിലായി ആകെ 4130 പ്രീ-പ്രൈമറികളിലെ 233542 കുട്ടികൾക്കാണ് നിലവിൽ ഉച്ചഭക്ഷണം നൽകി വരുന്നത്. ജി.ഒ(എം.എസ്) നം. 385/2012/പൊ.വി.വ തീയതി. 07.12.2012 പ്രകാരം 07.12.2012 -ന് ശേഷം പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിക്കാൻ പാടില്ല എന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതിനാൽ മേൽ ഉത്തരവിന് ശേഷം ആരംഭിച്ച പ്രീ-പ്രൈമറികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ